2026
JUNE
26
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# വെനസ്വേലയിൽ ഭൂകമ്പം; മരണ സംഖ്യ ഒരു ലക്ഷം വരെ

## രാജ്യത്ത് അടിയന്തരാവസ്ഥ

**കാരക്കസ്:** വെനസ്വേലയിൽ ഉണ്ടായ ശക്തമായ ഇരട്ട ഭൂകമ്പത്തിൽ ഔദ്യോഗിക മരണ സംഖ്യ ഇതുവരെ സ്ഥിരീകരിച്ചിട്ടില്ലെങ്കിലും, മരണ സംഖ്യ 10,000 മുതൽ ഒരു ലക്ഷം വരെയാകാൻ സാധ്യതയുണ്ടെന്ന് യുഎസ് ജിയോളജിക്കൽ സർവേ ആശങ്ക പ്രകടിപ്പിച്ചു. തലസ്ഥാനമായ കാരക്കസിലെ ഒരു മുനിസിപ്പാലിറ്റിയിൽ രണ്ട് കെട്ടിടങ്ങൾ തകർന്ന് 3 പേർ മരിച്ചതായി പ്രാദേശിക മേയർ സ്ഥിരീകരിച്ചിട്ടുണ്ട്. കാരക്കസിൽ നിരവധി ബഹുനില കെട്ടിടങ്ങളും ഒരു ഹോട്ടലും പൂർണമായി തകർന്നു വീണു. നിരവധി ആളുകൾ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് റിപ്പോർട്ടുകൾ. രാജ്യത്ത് നിലവിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. തകർന്ന കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിയവർക്കായുള്ള രക്ഷാപ്രവർത്തനം ഊർജിതമായി തുടരുന്നു. അതിനിടെ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 32 പേർ മരിച്ചതായും 700 പേർക്ക് പരുക്കേറ്റതായും ഇടക്കാല പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് അറിയിച്ചു.



ഏതാനും മണിക്കൂറുകളുടെ വ്യത്യാസത്തിലാണ് രണ്ട് ശക്തമായ ഭൂചലനങ്ങൾ ഉണ്ടായത്. ആദ്യ ഭൂകമ്പം റിക്ടർ സ്കെയിലിൽ 7.1 തീവ്രത രേഖപ്പെടുത്തി. കരീബിയൻ തീരദേശ നഗരമായ മൊറോണിനു പടിഞ്ഞാറ്, ഭൂമിക്കടിയിൽ 13 കിലോമീറ്റർ ആഴത്തിലായിരുന്നു ഇതിന്റെ പ്രഭവകേന്ദ്രം. ഇതിനു പിന്നാലെയാണ് രാജ്യത്തെ ഞെട്ടിച്ചുകൊണ്ട് 7.5 തീവ്രതയുള്ള രണ്ടാമത്തെ ശക്തമായ ഭൂകമ്പം ഉണ്ടായതെന്ന് യുഎസ് ജിയോളജിക്കൽ സർവേ സ്ഥിരീകരിച്ചു. മൊറോൺ നഗരത്തിനു 16 കിലോമീറ്റർ തെക്കുപടിഞ്ഞാറായി 10 കിലോമീറ്റർ മാത്രം ആഴത്തിലായിരുന്നു രണ്ടാമത്തെ പ്രഭവകേന്ദ്രം. ഒരു മിനിറ്റിന്റെ ഇടവേളയിലായിരുന്നു രണ്ടു ഭൂകമ്പങ്ങളും. ഇതിനു പിന്നാലെ 20ൽ അധികം പ്രകമ്പനങ്ങൾ ഉണ്ടായതായും റിപ്പോർട്ടുണ്ട്.

തലസ്ഥാനമായ കാരക്കസിൽ ഭൂചലനം കടുത്ത പരിഭ്രാന്തി സൃഷ്ടിച്ചു. കെട്ടിടങ്ങൾ ശക്തമായി കുലുങ്ങിയതോടെ ജനങ്ങൾ തെരുവുകളിലേക്ക് ഓടി. നഗരത്തിലെ പല പ്രമുഖ കെട്ടിടങ്ങളുടെയും ചുവരുകൾ പൂർണമായി തകർന്നു വീണു. കാരക്കസിലെ രണ്ട് പ്രധാന ജനവാസ മേഖലകളിൽ കെട്ടിടങ്ങൾ തകർന്നതിനെ തുടർന്ന് വൻതോതിൽ പൊടിപടലങ്ങൾ ഉയർന്നതായും ദൃക്സാക്ഷികൾ പറഞ്ഞു. കൂടുതൽ നാശനഷ്ടങ്ങളും പരുക്കുകളും സംബന്ധിച്ച വിവരങ്ങൾ അധികൃതർ ശേഖരിച്ചു വരികയാണ്. രാജ്യത്ത് സുനാമി മുന്നറിയിപ്പുമുണ്ട്. പ്രധാന വിമാനത്താവളമായ സൈമൻ ബൊലിവർ രാജ്യാന്തര വിമാനത്താവളം (മാകെറ്റിയ) അടച്ചു. കെട്ടിടങ്ങൾക്ക് കാര്യമായ കേടുപാട് ഉണ്ടായിട്ടുണ്ടെന്നാണ് വിവരം.

# കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനായി ഡോ. അച്യുത്ശങ്കർ ചുമതലയേറ്റു



**തിരുവനന്തപുരം:** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനായി കേരള സർവകലാശാല ബയോഇൻഫർമാറ്റിക്സ് വിഭാഗം പ്രഫസറും മേധാവിയുമായിരുന്ന ഡോ. അച്യുത്ശങ്കർ ചുമതലയേറ്റു. ഡോ.രാജൻ ഗുരുക്കൾ രാജി വച്ച ഒഴിവിലാണു നിയമനം. തിരുവനന്തപുരം എൻജി.കോളജ്, ബോംബെ ഐഐടി എന്നിവിടങ്ങളിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിടെക്, എംടെക് ബിരുദങ്ങൾ നേടിയ അച്യുത്ശങ്കർ കേംബ്രിജ് സർവകലാശാലയിൽനിന്ന് ബെർക്‌ലി സ്കോളറായി ഭാഷാ കംപ്യൂട്ടിങ്ങിൽ എംഎഫിൽ ബിരുദവും കേരള സർവകലാശാലയിൽനിന്നു എൻജിനീയിറങ്ങിലും സംഗീതത്തിലുമായി 2 പിഎച്ച്ഡി ബിരുദങ്ങളും നേടിയിട്ടുണ്ട്.

വിവിധ എൻജി. കോളജുകളിൽ അധ്യാപകനായിരുന്നു. 1995ൽ കേരള സർവകലാശാല കംപ്യൂട്ടർ വിഭാഗം അധ്യാപകനായി. സിഡിറ്റ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗം, കേരള സർവകലാശാല ടെക്നോളജി വിഭാഗം ഡീൻ, ക്വാളിറ്റി അഷുറൻസ് ഡയറക്ടർ, ഇന്റർനാഷണൽ അക്കാദമിക്സ് ഡയറക്ടർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലെ സർവകലാശാലകളിൽ വിസിറ്റിങ് പ്രഫസറായും പ്രവർത്തിച്ചിട്ടുണ്ട്. കേരള സർവകലാശാലയിൽ ബയോ ഇൻഫോർമാർറ്റിക്സ് വകുപ്പിന്റെ സ്ഥാപക മേധാവിയായി, ഇരുപതു വർഷത്തെ സേവനത്തിനു ശേഷം 2024 ൽ വിരമിച്ചു. മുപ്പതോളം പിഎച്ച്ഡി പ്രബന്ധങ്ങൾക്കു മേൽനോട്ടം നൽകി. നിർമിത ബുദ്ധി, ബയോഇൻഫർമാറ്റിക്സ് മേഖലകളിൽ ആയിരുന്നു ഗവേഷണം. ഇരുപത്തിയഞ്ചിലേറെ പുസ്തകങ്ങൾ രചിച്ചിട്ടിട്ടുണ്ട്. ക 'തരിപ്പ്' എന്ന ചരിത്ര നോവൽ, വഞ്ചിയൂരിന്റെ ദേശചരിത്രം, സ്വാതി തിരുനാളിന്റെ സംഗീതം, ഭാഷാവൃത്തങ്ങൾ, സ്ഥലനാമങ്ങൾ എന്നീ വിഷയങ്ങളിലും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ യുവശാസ്ത്രജ്ഞൻ പുരസ്കാരം ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഗാന്ധിയൻ ശാസ്ത്ര സംഘടനയായ ശാസ്ത്രവേദിയുടെ സംസ്ഥാന പ്രസിഡന്റാണ്. തിരുവനന്തപുരം വഞ്ചിയൂർ കയ്യാലം കുടുംബാംഗമാണ്. എംജി സർവകലാശാലാ മുൻ വൈസ് ചാൻസലർ പരേതനായ ഡോ.എ.സുകുമാരൻ നായരുടെയും സ്കൂൾ അധ്യാപിക കോമളത്തിന്റെയും മകനാണ്. ഭാര്യ: ഹേമ രാമചന്ദ്രൻ (കാര്യവട്ടം യൂണി.എൻജി കോളജ്, മുൻ പ്രിൻസിപ്പൽ). വിദ്യാർഥികളായ ഗായത്രി ശങ്കർ, ആദിത്യ ശങ്കർ എന്നിവരാണു മക്കൾ.

# ലോകത്തെ ഏറ്റവും വലിയ പൊളിക്കൽ രാജ്യമായി ഇന്ത്യ

മുംബൈ: ലോകത്തെ ഏറ്റവും വലിയ കപ്പൽ പൊളിക്കൽ രാജ്യമായി ഇന്ത്യ ഉയർന്നുവന്നതായി ഔദ്യോഗിക കണക്ക്.

ആഗോള കപ്പൽ പൊളിക്കൽ വിപണിയിൽ ഇന്ത്യയുടെ പങ്ക് 2024ലെ 30.1 ശതമാനത്തിൽ നിന്ന് 2025ൽ 35.4 ശതമാനമായി വർധിച്ചു. യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡവലപ്മെന്റിന്റെ ഏറ്റവും പുതിയ റിപ്പോർട്ടു പ്രകരാമാണിത്.



ഇന്ത്യയിലെ കപ്പൽ പൊളിക്കൽ 2024ലെ 1.86 ദശലക്ഷം ഗ്രോസ് ടണ്ണിൽ നിന്ന് 60 ശതമാനം ഉയർന്ന് 2025ൽ 2.99 ദശലക്ഷം ഗ്രോസ് ടണ്ണായി ഉയർന്നു.

മാരിടൈം ഇന്ത്യ വിഷൻ 2030 പ്രകാരം ലോകത്തെ മുൻനിര കപ്പൽ പൊളിക്കൽ രാജ്യമായി മാറുക എന്ന ലക്ഷ്യം നിശ്ചിത സമയപരിധിക്കു വളരെ മുൻപേതന്നെ ഇന്ത്യ കൈവരിച്ചതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.







# പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ജൂൺ 28ന്; തുള്ളിമരുന്ന് നൽകുക 19,80,224 കുട്ടികൾക്ക്

**തിരുവനന്തപുരം:** സംസ്ഥാനത്ത് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ജൂൺ 28ന് നടക്കുമെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ അറിയിച്ചു. ജൂൺ 28ന് തന്നെ 5 വയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഓരോ ഡോസ് തുള്ളിമരുന്ന് നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണമെന്ന് മന്ത്രി അഭ്യർഥിച്ചു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 28ന് രാവിലെ 8ന് മന്ത്രി കെ.മുരളീധരൻ തൈക്കാട് മാതൃശിശു ആശുപത്രിയിൽ നിർവഹിക്കും. ഗതാഗതമന്ത്രി സി.പി.ജോൺ അധ്യക്ഷത വഹിക്കും, ശശി തരൂർ എംപി, തിരുവനന്തപുരം കോർപറേഷൻ മേയർ വി.വി.രാജേഷ്, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

സംസ്ഥാനത്ത് 5 വയസ്സിനു താഴെയുള്ള 19,80,224 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിനായി 22,288 ബൂത്തുകൾ സജ്ജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധ പ്രവർത്തകരെ പരിശീലനം നൽകി നിയോഗിക്കും. സർക്കാർ ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, നഗരാരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ, സ്വകാര്യ ആശുപത്രികൾ, വായനശാലകൾ, സ്കൂളുകൾ, സന്നദ്ധ സംഘടനകളുടെ കെട്ടിടങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബൂത്തുകൾ ക്രമീകരിക്കും. പൾസ് പോളിയോ ദിനത്തിൽ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് ജൂൺ 29, 30 തീയതികളിൽ വീടുകളിലെത്തി വാക്സിൻ നൽകും.

സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകുന്നതിനു 539 ട്രാൻസിറ്റ് ബൂത്തുകൾ, 283 മൊബൈൽ ബൂത്തുകൾ, 9 ഉത്സവ / മേളകളിലെ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, ബോട്ടുജെട്ടി എന്നിവിടങ്ങളിലാകും ട്രാൻസിറ്റ് ബൂത്തുകൾ പ്രവർത്തിക്കുക. അതിഥി തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, ദുർഘട പ്രദേശങ്ങൾ, ഉത്സവ സ്ഥലങ്ങൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ മരുന്ന് നൽകുന്നതിനാണ് മൊബൈൽ ബൂത്തുകൾ.

# ശബരിമല: നാണയം എണ്ണുന്ന പുതിയ യന്ത്രം വാങ്ങാൻ ദേവസ്വം ബോർഡ്



**ശബരിമല:** തീർഥാടന കാലത്ത് എണ്ണിത്തീർക്കാൻ കഴിയാതെ സന്നിധാനത്തെ ദേവസ്വം ഭണ്ഡാരത്തിൽ നാണയങ്ങൾ കുമിഞ്ഞുകൂടുന്നത് ഒഴിവാക്കാൻ ദേവസ്വം ബോർഡ് നാണയം എണ്ണുന്ന പുതിയ യന്ത്രം വാങ്ങുന്നു. എല്ലാത്തരം നാണയങ്ങളും ഒരുമിച്ച് ഇട്ടാൽ വേഗം വേർതിരിച്ച് എണ്ണി എടുക്കാൻ കഴിയുന്ന വേഗമേറിയ ആധുനിക യന്ത്രം വാങ്ങുന്നതിനു ദേവസ്വം കമ്മിഷണർ കമ്പനികളിൽ നിന്നു താൽപര്യപത്രം ക്ഷണിച്ചു.

സെക്കൻഡിൽ 5 നാണയങ്ങൾ വീതം വേർതിരിച്ച് എണ്ണി പ്രത്യേക ബാഗിലേക്കു മാറ്റാൻ കഴിയുന്ന ഓട്ടമാറ്റിക് യന്ത്രമാണു വാങ്ങാൻ ഉദ്ദേശിക്കുന്നത്. സന്നിധാനത്തിൽ ഭക്തർ കാണിക്കയായി അർപ്പിക്കുന്ന നാണയങ്ങളിൽ പൊടിയും നെയ്യും പിടിച്ച് ഒട്ടിയിരിക്കും. പൊടിശല്യം, നെയ്യ്, ഭസ്മം, കുങ്കുമം ഇവ പിടിച്ചാലും കേടാകാത്തതും ദിവസം 16 മണിക്കൂർ വരെ പ്രവർത്തിപ്പിക്കാൻ ശേഷി ഉള്ളതുമാകണമെന്നു നിർദേശിച്ചിട്ടുണ്ട്. അതോടൊപ്പം വിദേശ നാണയങ്ങളും ഉപയോഗശൂന്യമായ നാണയങ്ങളും വേർതിരിച്ചു മാറ്റാനും കഴിയുന്നതാകും വാങ്ങുക.

തീർഥാടന കാലത്തും മാസപൂജയ്ക്കും നാണയങ്ങൾ എണ്ണിത്തീരാത്തതാണു ഭണ്ഡാരത്തിൽ ജോലിനോക്കുന്ന ജീവനക്കാരെ ബുദ്ധിമുട്ടിലാക്കുന്നത്. കഴിഞ്ഞ തീർഥാടന കാലത്തെ നാണയങ്ങൾ എണ്ണിത്തീരാത്തതിനാൽ മകരവിളക്കു കഴിഞ്ഞു നട അടച്ച ശേഷം ജീവനക്കാരെ നാട്ടിലേക്കു മടങ്ങാൻ അനുവദിച്ചില്ല. അന്നദാന മണ്ഡപത്തിലും ദേവസ്വം ഭണ്ഡാരത്തിലുമായി 700 ജീവനക്കാരെ നിയോഗിച്ചാണു നാണയം എണ്ണി തീർത്തത്. ഇതിനായി അന്നദാന മണ്ഡപത്തിൽ പ്രത്യേക സിസിടിവി ക്യാമറ സംവിധാനവും ഒരുക്കേണ്ടി വന്നു.

ദേവസ്വം ഭണ്ഡാരത്തിൽ സൂക്ഷിച്ചിരുന്ന നാണയങ്ങൾ ട്രാക്ടറിൽ അന്നദാന മണ്ഡപത്തിൽ എത്തിച്ചാണ് എണ്ണിയത്. തീർന്ന മുറയ്ക്ക് ഇവ വീണ്ടും ട്രാക്ടറിൽ അന്നദാനമണ്ഡപത്തിൽ എത്തിച്ചാണു ധനലക്ഷ്മി ബാങ്കിനു കൈമാറിയത്. കഴിഞ്ഞ തീർഥാടന കാലത്ത് 460 കോടി രൂപയുടെ വരുമാനമാണു ദേവസ്വം ബോർഡിനു ലഭിച്ചത്. അതിൽ കോടികളുടെ നാണയം ഉണ്ട്.

# അന്തർസംസ്ഥാന മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പോരാട്ടം ശക്തമാക്കും: മുഖ്യമന്ത്രി



**തിരുവനന്തപുരം:** സംസ്ഥാനത്തെ ലഹരിമരുന്ന് വ്യാപനത്തിൽ നിന്ന് മുക്തമാക്കുന്നതിനും മയക്കുമരുന്ന് കടത്ത് ശൃംഖലകളുടെ അടിവേരറുക്കാനും കേരള സർക്കാർ നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാൻ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളുമായി സംയുക്ത പ്രവർത്തനം ശക്തിപ്പെടുത്താൻ മുഖ്യമന്ത്രി വി.ഡി സതീശൻ കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ചു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്റലിജൻസ് അധിഷ്ഠിതമായ നിയമനടപടികൾ ശക്തിപ്പെടുത്തുകയും മയക്കുമരുന്ന് കടത്തുകാരുടെ സാമ്പത്തിക ശൃംഖലകൾ തകർക്കുകയും അനധികൃത സമ്പാദ്യങ്ങൾ കണ്ടുകെട്ടുകയും ചെയ്യുന്നതായി മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി.

മയക്കുമരുന്ന് കടത്ത് ശൃംഖലകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അവയെ ഫലപ്രദമായി നേരിടുന്നതിന് അയൽ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും തമ്മിലുള്ള ഏകോപിത പ്രവർത്തനം അനിവാര്യമാണ്. കേരളവും കർണാടകയും, തമിഴ്നാടും, പുതുച്ചേരിയും തമ്മിലുള്ള അതിർത്തി മേഖലകൾ, പ്രധാന റോഡ് ഇടനാഴികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിദ്യാർത്ഥി ശൃംഖലകൾ, നഗര വിതരണ കേന്ദ്രങ്ങൾ എന്നിവ മയക്കുമരുന്ന് മാഫിയകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള മേഖലകളാണ്.

നിരവധി അന്തർസംസ്ഥാന, അന്തർദേശീയ മയക്കുമരുന്ന് കടത്തുകാരെ അറസ്റ്റ് ചെയ്യാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇത്തരം സംഘങ്ങളെ ഫലപ്രദമായി നേരിടുന്നതിന് തത്സമയ വിവര കൈമാറ്റം, സംയുക്ത ഓപ്പറേഷനുകൾ, ഏകോപിത ആസൂത്രണം എന്നിവ അനിവാര്യമാണ്.

ഇതിന്റെ ഭാഗമായി കേരളം, കർണാടക, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചു ചേർത്ത് അന്തർസംസ്ഥാന മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പ്രവർത്തന പദ്ധതി രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി കത്തിൽ അഭ്യർഥിച്ചു.

ആഭ്യന്തര വകുപ്പു മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ സംസ്ഥാന പോലീസ് മേധാവി റാവഡ ചന്ദ്രശേഖർ, ടാക്ടിക്കൽ കമാൻഡർ പുട്ട വിക്രമാദിത്യ എന്നിവർ കർണാടക, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ പോലീസ് മേധാവിമാരുമായും ആഭ്യന്തര വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ച നടത്താൻ തയ്യാറാണെന്നും മുഖ്യമന്ത്രി കത്തിൽ വ്യക്തമാക്കി.



# ചക്കയുടെ ഔഷധമൂല്യങ്ങൾ പ്രചരിപ്പിക്കാൻ സർക്കാർ പദ്ധതി തയാറാക്കും: മന്ത്രി ടി.സിദ്ദിഖ്

**തിരുവനന്തപുരം:** കേരളത്തിന്റെ സംസ്ഥാന ഫലമായ ചക്കയുടെ ഔഷധമൂല്യങ്ങൾ പ്രചരിപ്പിക്കാൻ ആരോഗ്യവകുപ്പുമായി ആലോചിച്ച് ഫലപ്രദമായ പദ്ധതി തയാറാക്കുമെന്ന് മന്ത്രി ടി.സിദ്ദിഖ്. ജാക്ക്ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പച്ച ചക്കയുടെ ഔഷധഗുണങ്ങൾ, ഗവേഷണ കണ്ടെത്തലുകളും സാധ്യതകളും എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

14.3 ലക്ഷം ടൺ ചക്കയാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്നത്. ഇതിന്റെ വളരെ ചെറിയ ഭാഗം മാത്രമാണ് ഉപയോഗിക്കുന്നത്. ഇക്കാര്യത്തിൽ കൃഷിവകുപ്പിന്റെ ഇടപെടൽ ഉണ്ടാകും. ചക്കയുടെ ഗുണം രോഗികൾക്കും പൊതുസമൂഹത്തിനും ഉണ്ടാകുന്ന വിധമാകും പദ്ധതി തയാറാക്കുന്നത്. ചക്കയുടെ ഗുണഗണങ്ങൾ പൊതുസമൂഹത്തിൽ എത്താത്ത അവസ്ഥയുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാവണമെന്നും മന്ത്രി പറഞ്ഞു.

കൗൺസിൽ ചെയർമാൻ റൂഫസ് ഡാനിയൽ അധ്യക്ഷനായി. കുമ്മനം രാജശേഖരൻ, സിസ ജനറൽ സെക്രട്ടറി ഡോ. സി.സുരേഷ്കുമാർ, ഡോ.രഘു രാമദാസ്, ശാന്തിഗ്രാം ഡയറക്ടർ എൽ.പങ്കജാക്ഷൻ, മാതൃഭൂമി മുൻ ചീഫ് റിപ്പോർട്ടർ എസ്.ഡി. വേണുകുമാർ, പി.എം.ജോയ്, ജിസ്സി ജോർജ്, സജു രവീന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

ചക്ക ഉപയോഗത്തെക്കുറിച്ച് ആലപ്പുഴ മെഡിക്കൽ കോളജിൽ 100 പേരിൽ നടത്തിയ ഗവേഷണ പഠനത്തെക്കുറിച്ച് റിട്ട. പ്രിൻസിപ്പൽ ഡോ. ബി.പത്മകുമാർ, കാൻസർ രോഗികളിൽ നടത്തിയ പഠനത്തെപ്പറ്റി മഞ്ഞുമ്മൽ സെന്റ് ജോസഫ്സ് ആശുപത്രി ഓങ്കോളജി ഡയറക്ടർ ഡോ. തോമസ് വർഗീസ് എന്നിവർ വിശദീകരിച്ചു. ചക്ക ഉപയോഗത്തെക്കുറിച്ച് നടത്തിയ പഠനം, പ്രയോഗ സാധ്യതകൾ എന്നിവ സംബന്ധിച്ച മാസ്റ്റർ പ്ലാൻ കൗൺസിൽ മന്ത്രിക്ക് നൽകി. ചക്ക ആരോഗ്യപ്രദമായ ഭക്ഷണമെന്ന സന്ദേശം സ്കൂൾ, കോളജ് തലങ്ങളിൽ എത്തിക്കാൻ സംവിധാനമുണ്ടാവണമെന്ന് സെമിനാർ ആവശ്യപ്പെട്ടു.



## നിരന്തരം പരിശ്രമിക്കുന്നവരുടേതാണ് ആധുനിക ലോകം: ഡോ. സിറിയക് തോമസ്

**പെരുവന്താനം:** നിരന്തരം പരിശ്രമിക്കുന്നവരുടേതാണ് ആധുനികലോകമെന്ന് മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് പറഞ്ഞു. പെരുവന്താനം സെന്റ് ആന്റണീസ് കോളജിലെ എക്സലൻസ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാഞ്ഞിരപ്പള്ളി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് ഡോ. ജോസഫ് വെള്ളമറ്റം അധ്യക്ഷത വഹിച്ചു. കോളജ് ചെയർമാൻ ബെന്നി തോമസ്, പ്രിൻസിപ്പൽ ഡോ. ആന്റണി ജോസഫ് കല്ലമ്പള്ളി, വൈസ് പ്രിൻസിപ്പൽ സുപർണ രാജു തുടങ്ങിയവർ പ്രസംഗിച്ചു. റാങ്ക് നേട്ടം കൈവരിച്ച ലിയാമോൾ റോജോ, നർമദ. ഇ.ആർ., സോനാ സാജൻ, മാളവിക.വി.എസ്, അനഘ സാബു, ജീവ ജോസഫ്, അനീന സാറ ബിനോയ്, കെസിയ.എം.എം. എന്നിവർക്ക് പുരസ്കാരങ്ങളും സ്വർണ മോതിരവും നൽകി. എംജി യൂണിവേഴ്സിറ്റിയുടെ ഡിഗ്രി പരീക്ഷയിൽ ഉന്നത വിജയം നേടിയ മറ്റ് വിദ്യാർഥികളെയും ആദരിച്ചു.

## ദേശീയപാത 66 വികസനം: ഇടപ്പള്ളിയിൽ റെയിൽവേ ട്രാക്കിന് മുകളിലൂടെ കൂറ്റൻ ബോസ്ട്രിങ് ഗർഡർ സ്ഥാപിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിലെ ദേശീയപാത 66 വികസനത്തിൽ നിർണായക നാഴികക്കല്ല് പിന്നിട്ട് ദേശീയപാത അതോറിറ്റി. കൊടുങ്ങല്ലൂർ-ഇടപ്പള്ളി ആറുവരിപ്പാതയുടെ വികസനത്തിന്റെ ഭാഗമായി, ഇടപ്പള്ളിയിലെ റെയിൽവേ ട്രാക്കുകൾക്ക് മുകളിലൂടെ 63.48 മീറ്റർ നീളമുള്ള കൂറ്റൻ സ്റ്റീൽ ബോസ്ട്രിങ് ഗർഡർ വിജയകരമായി സ്ഥാപിച്ചു. വലിയ തൂണുകളുടെ സഹായമില്ലാതെ തന്നെ നീളമുള്ള പാലങ്ങളെ താങ്ങിനിർത്താൻ സഹായിക്കുന്ന അമ്പെയ്ത്ത് വില്ലിന്റെ ആകൃതിയുള്ള പ്രത്യേക സ്റ്റീൽ ഘടനയാണ് 'ബോസ്ട്രിങ് ഗർഡർ'. തിരക്കേറിയ റെയിൽവേ പാതയ്ക്ക് മുകളിലൂടെയുള്ള ഭാഗങ്ങളിലാണ് ഈ നിർമാണ രീതി സ്വീകരിക്കാറുള്ളത്.

ട്രെയിൻ ഗതാഗതത്തെ ബാധിക്കാത്ത രീതിയിൽ, രാത്രി ട്രെയിനുകൾ പ്രത്യേകമായി നിയന്ത്രിച്ച്, കൃത്യമായ ആസൂത്രണത്തോടെയാണ് ഈ കൂറ്റൻ ഘടന യഥാസ്ഥാനത്ത് സ്ഥാപിച്ചത്. ഇതോടെ കൊടുങ്ങല്ലൂർ-ഇടപ്പള്ളി ദേശീയപാത വികസനത്തിലെ നിർണായക ഘട്ടം കൂടിയാണ് പിന്നിട്ടിരിക്കുന്നത്. 26 കിലോമീറ്റർ പാതയിൽ ആകെ ഏഴ് വലിയ പാലങ്ങളും എട്ട് ചെറിയ പാലങ്ങളുമാണുള്ളത്. ഇതിൽ അവസാനത്തെ പ്രധാന നിർമാണമായിരുന്നു ഇടപ്പള്ളിയിലെ റെയിൽവേ മേൽപാലം. ഇതോടെ ഈ പാതയിലെ വികസന പ്രവർത്തനങ്ങളുടെ 75 ശതമാനവും പൂർത്തിയായി.

## അരുവിത്തുറ കോളജിൽ പരിസ്ഥിതി ശില്പശാല

**അരുവിത്തുറ:** ആഗോളതാപനത്തിന്റെയും എൽനിനോ പ്രതിഭാസത്തിന്റെയും ഭാഗമായി രൂക്ഷമായ വരൾച്ചയും ശുദ്ധജലക്ഷാമവും പ്രതീക്ഷിക്കുന്ന ഈ വർഷം അതിജീവനത്തിന്റെ സാധ്യതകൾ തേടി അരുവിത്തുറ സെൻറ് ജോർജസ് കോളജിൽ പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു.

കാലാവസ്ഥാ വ്യതിയാന പഠനത്തിന്റെ പ്രകൃതിദത്ത പരീക്ഷണശാലയായ അൻറാർട്ടിക്കയിൽ ദീർഘകാലം സേവനമനുഷ്ഠിച്ച ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയിലെ മുതിർന്ന ശാസ്ത്രജ്ഞൻ ഡോ. എം.ആർ. രമേഷ് കുമാർ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തി.

അൻറാർട്ടിക്കയിലെ തന്റെ ജീവിതാനുഭവങ്ങൾ ദൃശ്യാവതരണങ്ങളുടെ സഹായത്തോടെ അദ്ദേഹം വിദ്യാർഥികൾക്ക് മുമ്പിൽ അവതരിപ്പിച്ചു. സ്ഫോടനാത്മക കാർബൺ വ്യാപനം തടയാൻ യോജിച്ചുള്ള മുന്നേറ്റങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

കോളജിലെ പൊളിറ്റിൽ സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെമിനാറിൽ കോളജ് ബർസാർ റവ.ഫാ. ബിജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.



# യുനെസ്കോയുടെ പൈതൃക പട്ടികയിൽ കുട്ടനാട്; ഇന്ത്യയിൽനിന്ന് ഉൾപ്പെടുന്ന രണ്ടാമത്തെ ഭൂഭാഗം

**ആലപ്പുഴ:** യുനെസ്കോയുടെ പൈതൃക പട്ടികയിൽ കുട്ടനാട് ഉൾപ്പെട്ടാൽ അതൊരു അപൂർവ നേട്ടമാകും. യുനെസ്കോ പട്ടികയിൽ, പ്രകൃതിയും മനുഷ്യനും ചേർന്നു സൃഷ്ടിച്ച ഭൂപ്രകൃതി എന്ന വിഭാഗത്തിൽ ലോകത്ത് ആകെയുള്ള 121 പ്രദേശങ്ങളിൽ ഇന്ത്യയിൽനിന്ന് ഉൾപ്പെടുന്ന രണ്ടാമത്തെ ഭൂഭാഗമാകും കുട്ടനാട്. ഇപ്പോൾ ഇന്ത്യയിൽനിന്നു പട്ടികയിലുള്ളത് മധ്യപ്രദേശിലെ ഭീംബെട്ക പാറക്കെട്ടുകൾ മാത്രമാണ്. അവിടത്തെ പുരാതന ചിത്രകലയാണു പട്ടികയിൽ ഉൾപ്പെടാൻ കാരണം. കുട്ടനാടിനായുള്ള ശ്രമം അപൂർവ കൃഷി മാതൃകയുടെ പേരിൽ ഇടം നേടാനും. കൃഷി മേഖലയിൽ രണ്ടു വിഭാഗങ്ങളായാണു യുനെസ്കോ പട്ടികയിൽ ഭൂപ്രകൃതിയെ പരിഗണിക്കുന്നത്. മനുഷ്യർ സൃഷ്ടിച്ച ഭൂപ്രകൃതിയും പ്രകൃത്യാ രൂപപ്പെട്ടവയും. സമുദ്രനിരപ്പിനു താഴെയുള്ള കൃഷിരീതി, തനത് ജലപരിപാലനം, ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയ അപൂർവതകളുടെ പേരിലാണു കുട്ടനാടിനെ കേന്ദ്ര സർക്കാർ യുനെസ്കോ പട്ടികയിലേക്കു ശുപാർശ ചെയ്യുന്നത്.

നേരത്തെ ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ, കൃഷി വിഭാഗത്തിന്റെ ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക സമ്പ്രദായം എന്ന അംഗീകാരം കുട്ടനാട് നേടിയിട്ടുണ്ട്. ഡോ. എം.എസ്.സ്വാമിനാഥന്റെ പരിശ്രമമായിരുന്നു ഈ നേട്ടത്തിനു പിന്നിൽ. 1,000 വർഷം വരെ പഴക്കമുള്ള കൃഷിരീതികൾക്കു ലഭിക്കുന്ന ഈ അംഗീകാരം 200 വർഷത്തെ മാത്രം ചരിത്രമുള്ള കുട്ടനാടൻ കൃഷിക്കു ലഭിച്ചതു ഡോ. സ്വാമിനാഥൻ എഫ്എഒയ്ക്കു മുന്നിൽ കുട്ടനാടിനെ അവതരിപ്പിച്ചതിലെ മികവുകൊണ്ടാണ്.

കുട്ടനാടൻ ഉൽപന്നങ്ങളെ ജിഐഎഎച്ച്എസ് എന്നു ബ്രാൻഡ് ചെയ്തു വിപണനം ചെയ്യാം എന്നതായിരുന്നു ആ പദവിയുടെ ഏറ്റവും വലിയ ഗുണം. പക്ഷേ, അതിനായി അധികൃതർ ഒരു ശ്രമവും നടത്തിയില്ല. ഇനിയെങ്കിലും അതിനായി കൃത്യമായ കർമ പദ്ധതി തയാറാക്കണമെന്നാണ് ഈ രംഗത്തെ വിദഗ്ധർ പറയുന്നത്.

യുനെസ്കോ പദവി ലഭിച്ചാലും ഇതേ അവസ്ഥ ഉണ്ടാകാതിരിക്കാൻ ആസൂത്രണം അത്യാവശ്യമാണ്. കുട്ടനാടിന്റെ കാർഷിക സംസ്കൃതിയെ സംരക്ഷിക്കാനുള്ള സാമ്പത്തിക സഹായം ലഭിക്കാനും പദ്ധതികൾ തയാറാക്കണമെന്ന് വിദഗ്ധർ പറയുന്നു. കഴിഞ്ഞ സർക്കാർ കുട്ടനാടിന്റെ വികസനം ലക്ഷ്യമിട്ടു വിവിധ വകുപ്പുകളെ ചേർത്തു കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ചെങ്കിലും നടപടികളൊന്നും പുരോഗമിച്ചില്ല. ഓൺലൈനായി ഒരു യോഗം ചേർന്നതു മാത്രമാണ് കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനം.

# കന്നുകാലികളിൽ ചെള്ളുപനി വ്യാപിക്കുന്നു

**കൊല്ലം:** ജില്ലയിൽ കന്നുകാലികളിലും ചെള്ളുപനി വ്യാപിക്കുന്നു. രണ്ടരമാസത്തിനിടെ 39 കന്നുകാലികൾക്കു ചെള്ളുപനി ബാധിച്ചു. ഒരു കിടാവ് ചത്തു. ഏപ്രിലിൽ 17എണ്ണത്തിനും മേയിൽ 15എണ്ണത്തിനുമാണ് രോഗം പിടിപെട്ടത്. കഴിഞ്ഞ ആഴ്ച പാരിപ്പള്ളിയിലെ ക്ഷേത്രം വക പശുക്കിടാവാണ് രോഗം ബാധിച്ച് ചത്തത്. ഒട്ടം ചിത്തിര, ചെങ്കോട്ട, കൃഷ്ണഗിരി തുടങ്ങി ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിക്കുന്ന കന്നുകാലികളിലാണ് രോഗം പൊതുവേ കാണുന്നത്.

ഇവിടെനിന്നുള്ള കന്നുകാലികളാണ് സർക്കാരിൻറെ വിവിധ സ്കീമുകൾ വഴി കർഷകർക്കു ലഭ്യമാക്കുന്നത്. ഇതു രോഗം കൂടുതൽ പകരാൻ ഇടയാക്കുന്നതായി ആക്ഷേപമുണ്ട്. രോഗം വ്യാപിച്ചിട്ടും പ്രതിരോധ നടപടിയില്ലാതെ സംസ്ഥാന സർക്കാരും കൈയൊഴിയുന്നു. ചെള്ളുകൾ വഴി പകരുന്ന ഗുരുതര രോഗമാണ് ചെള്ളുപനി.



രോഗബാധയുള്ള ചെള്ളുകൾ കന്നുകാലികളുടെ രക്തം കുടിക്കുമ്പോഴാണ് രോഗാണുക്കൾ ശരീരത്തിലെത്തുന്നത്. ഉയർന്ന പനി, തീറ്റയെടുക്കാതിരിക്കുക, ക്ഷീണം, തളർച്ച, കറവ കുറയുക, കണ്ണുകളിലും മോണകളിലും വിളർച്ച, ശ്വാസതടസം, മൂത്രം ചുവപ്പോ കാപ്പിനിറമോ ആകുക, ശരീരഭാരം കുറയുക എന്നിവയാണ് ലക്ഷണങ്ങൾ. പിസിആർ (പോളിമെറൈസ് ചെയിൻ റിയാക്ഷൻ) ടെസ്റ്റ് എന്നിവയിലൂടെ മാത്രമേ രോഗം കണ്ടെത്താനാകൂ.

ചെള്ളുകളെ നിയന്ത്രിച്ചും ഷെഡും പരിസരവും വൃത്തിയായി സൂക്ഷിച്ചും ഇവയെ പ്രതിരോധിക്കാം. പരിശോധിച്ച് മാത്രമേ പുതിയ മൃഗങ്ങളെ കൂട്ടത്തിലേക്ക് കൊണ്ടുവരാവൂ. ചെള്ളുകൾ കൂടുതലുള്ള കാലങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകണം. പെട്ടെന്ന് പനി, പാലുകുറവ്, ക്ഷീണം, ചുവന്ന മൂത്രം എന്നിവ കണ്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറെ സമീപിക്കുക. ആദ്യഘട്ടത്തിൽ ചികിത്സ ലഭിച്ചാൽ മിക്ക മൃഗങ്ങളെയും രക്ഷിക്കാനാകും.



# അധ്യാപകരും കളിക്കളങ്ങളുമില്ല; കായിക വിദ്യാഭ്യാസം വിസ്മൃതിയിലേക്ക്

**പത്തനംതിട്ട:** ഭാവി താരങ്ങളെ കണ്ടെത്തേണ്ട സ്കൂളുകളിലെ കായിക വിദ്യാഭ്യാസം നിലയ്ക്കുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കുറവ് സാരമായി ബാധിച്ചത് കായിക അധ്യാപക നിയമനങ്ങളെയാണ്. സ്പെഷൽ വിഭാഗം അധ്യാപകരുടെ നിയമനം ഏറെക്കുറെ നിലച്ചതോടെ കായിക വിദ്യാഭ്യാസവും വിസ്മൃതിയിലേക്കാണ്. പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ള അധ്യാപകർ പടിയിറങ്ങുന്നതോടെ കായിക പരിശീലനം അടക്കം കേട്ടുകേൾവി മാത്രമാകും.

സംസ്ഥാന സ്കൂൾ കായികമേളയുടെ പോയിൻറ് പട്ടികയിൽ പതിവായി അവസാന സ്ഥാനങ്ങളിലാണ് പത്തനംതിട്ട ജില്ലയുടെ സ്ഥാനം. പത്തനംതിട്ട ജില്ലയിലെ സ്കൂളുകളിൽ കായിക പരിശീലനം പ്രതിസന്ധിയിൽ. കഴിവുള്ള കായികതാരങ്ങൾ ഉണ്ടെങ്കിലും പരിശീലനം നൽകാൻ യോഗ്യരായ അധ്യാപകരോ മതിയായ ഗ്രൗണ്ടുകളോ ഇല്ലെന്നതാണ് പ്രശ്നം. കായിക അധ്യാപകരുടെ നിയമനം നിലച്ചതോടെ പലയിടത്തും മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരുടെ ചുമതലയിലാണ് കുട്ടികളെ പരിശീലിപ്പിച്ചെടുക്കുന്നത്.

ഒട്ടുമിക്ക പൊതുവിദ്യാലയങ്ങളിലും കളിക്കളങ്ങൾ ചേർത്ത് പുതിയ കെട്ടിടങ്ങളുണ്ടായി. സ്കൂൾ കായികമേള നടത്താൻ പോലും ജില്ലയിലെ പല ഉപജില്ലകളിലും ഗ്രൗണ്ട് ഇല്ലാത്ത സ്ഥിതിയുണ്ട്.

191 ഹൈസ്കൂളുകളുള്ള ജില്ലയിൽ 54 കായിക അധ്യാപകരാണ് ഇനി അവശേഷിക്കുന്നത്. ഇതിൽ തന്നെ ചിലർ വിരമിച്ചവരാണെങ്കിലും കായിക വിദ്യാഭ്യാസത്തിനായി താത്കാലികമായി നിയമിച്ചവരുമുണ്ട്. ബിആർസി മുഖേന 11 പേർ കായികാധ്യാപകരായി ജോലി ചെയ്യുന്നുണ്ട്.

കായിക മേഖലയോടു താത്പര്യമുള്ള കുട്ടികളെ മെച്ചപ്പെട്ട ഗ്രൗണ്ടുകളിലെത്തിച്ച് പരിശീലിപ്പിക്കാനുമാകുന്നില്ല. തിരുവല്ല പബ്ലിക് സ്റ്റേഡിയം ഉപയോഗ യോഗ്യമല്ലാതായിട്ട് നാളുകളായി. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ പണികൾ നടക്കുകയാണ്. അയിരൂരിലെ സ്റ്റേഡിയവും പൂർത്തിയായിട്ടില്ല. സ്കൂൾ ഗ്രൗണ്ടുകളിൽ പലതും ഉപയോഗ യോഗ്യവുമല്ല. ഉപജില്ലാ കായികമേളകൾക്കു പോലും വേദിയൊരുക്കാനാകാത്ത സ്ഥിതിയുണ്ട്.

കൊടുമൺ ഇഎംഎസ് സ്റ്റേഡിയം മാത്രമാണ് നിലവിലെ ആശ്രയം. ജില്ലയുടെ അതിർത്തി പ്രദേശങ്ങളിൽ നിന്നു പോലും കുട്ടികളെ ഇവിടേക്ക് എത്തിക്കാറുണ്ട്.

കൊടുമൺ സ്റ്റേഡിയത്തിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തുന്നതിനും ചെലവേറും. സ്റ്റേഡിയത്തിൽ കയറാൻ ഒരാൾക്ക് 25 രൂപയാണ് ഫീസ്. ഇത് നൽകുന്നത് മിക്കപ്പോഴും അധ്യാപകരാണ്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ കൂടാതെ സൈനിക, പോലീസ് സേവനങ്ങളിൽ ഉദ്യോഗാർഥികളായുള്ളവരുടെ പരിശീലനവും കൊടുമൺ സ്റ്റേഡിയത്തിലാണ്.

ഒരു സ്കൂളിൽ കായിക അധ്യാപകനെ നിയമിക്കണമെങ്കിൽ യുപി വിഭാഗത്തിൽ അഞ്ഞൂറ് വിദ്യാർഥികളും എട്ട്, ഒൻപത് ക്ലാസുകളിൽ അഞ്ച് ഡിവിഷനും വേണം. ഇത്രത്തോളം കുട്ടികളുള്ള സ്കൂളുകൾ ജില്ലയിൽ കുറവാണ്. അതിനാൽ നിയമനം നടക്കുന്നില്ല. അഥവ ഒരു വർഷം നിയമനം നടന്നാലും കുട്ടികളെ എത്തിച്ച് തസ്തിക നിലനിർത്തേണ്ട ബാധ്യതയും നിയമിക്കപ്പെടുന്ന അധ്യാപകനാകും.

ബിആർസി വഴി കൂടുതൽ അധ്യാപകരെ നിയമിക്കാനുള്ള നീക്കവും നടക്കുന്നില്ല. സാധാരണക്കാരായ വിദ്യാർഥികളാണ് കായിക താരങ്ങളിലധികവും. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും ജില്ലയിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല. ജഴ്സിയും സ്പൈക്കുമൊക്കെ വാങ്ങാൻ പണം തികയാത്തവരാണ് കൂടുതലും. പല കുട്ടികളുടെയും പരിശീലന ചെലവ് അധ്യാപകർ തന്നെ വഹിക്കുകയാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയും കുട്ടികൾക്ക് ലഭിക്കുന്നില്ല. മുൻകാലങ്ങളിൽ ജില്ലാ പഞ്ചായത്ത് ഇടപെട്ട് വാങ്ങിയ കായിക ഉപകരണങ്ങൾ അടക്കം എവിടെയെന്നു പോലും അറിയാത്ത സാഹചര്യമുണ്ട്.

ജില്ലയിൽ കായിക വിദ്യാഭ്യാസത്തിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുള്ളത് ഒന്നോ രണ്ടോ സ്കൂൾ മാത്രമാണ്. ഇവിടങ്ങളിൽ പരിശീലനത്തിൽ മികവ് കാട്ടുന്നവരെ പല സ്പോർട്സ് അക്കാഡമികളും ജില്ലയ്ക്കു പുറത്തുള്ള സ്കൂളുകളും ഏറ്റെടുക്കുന്ന രീതിയാണ് കണ്ടുവരുന്നത്.

# മെറിറ്റ് ഡേ ആഘോഷിച്ചു



**ചെറുതോണി:** വാഴവര സെൻറ് മേരീസ് ഹൈസ്കൂളിൽ മെറിറ്റ് ഡേയും വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനവും നടത്തി. എസ്എസ്എൽസി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ കുട്ടികളെയും യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് ജേതാക്കളായ ആറ് പൂർവവിദ്യാർഥികളെയും വിവിധ സ്കോളർഷിപ്പ് ജേതാക്കളെയും യോഗത്തിൽ ആദരിച്ചു.

ഇരട്ടയാർ പഞ്ചായത്ത് പ്രസിഡൻറ് കെ.എ. രജനി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. തോമസ് തൈച്ചേരിൽ അധ്യക്ഷത വഹിച്ചു. ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസി സെക്രട്ടറി ഫാ. ഡോ. ജോർജ് തകിടിയേൽ ഉന്നതവിജയികളെ ആദരിച്ചു. അസി. മാനേജർ ഫാ. സെബാസ്റ്റ്യൻ ചിലമ്പിക്കുന്നേൽ, ഹെഡ്മിസ്ട്രസ് കൊച്ചുറാണി ജോസഫ് , മുൻ ഹെഡ്മാസ്റ്റർ മാത്യു ജോസഫ്, പിടിഎ പ്രസിഡൻറ് സജി മണ്ണിപ്ലാക്കൽ, എംപിടിഎ പ്രസിഡൻറ് സിജി മണിയാട്ട് എന്നിവർ പ്രസംഗിച്ചു.



# അച്ചൻകോവിൽ കുംഭാവുരുട്ടി വെള്ളച്ചാട്ടം തുറന്നു

**തെന്മല :** അച്ചൻകോവിൽ കുംഭാവുരുട്ടി വെള്ളച്ചാട്ടം സഞ്ചാരികൾക്കായി തുറന്നുനൽകി. കഴിഞ്ഞദിവസംമുതലാണ് അച്ചൻകോവിൽ ഡിവിഷന്റെ കീഴിലുള്ള ജലപാതം തുറന്നത്. ആദ്യദിനം 800ഓളം സഞ്ചാരികളാണെത്തിയത്. 60,000 രൂപയ്ക്കു മുകളിൽ വരുമാനം ലഭിക്കുകയും ചെയ്തു. തമിഴ്നാട് ചെങ്കോട്ട, തെങ്കാശി ഭാഗങ്ങളിലുള്ള സഞ്ചാരികളാണ് ആദ്യദിനം ഏറെയുമെത്തിയത്.

എന്നാൽ ഓൺലൈൻ വഴിയുള്ള ടിക്കറ്റ് വിൽപനയ്ക്കാണ് അധികൃതർ കൂടുതൽ പ്രാധാന്യം നൽകുന്നത്. ഓൺലൈൻ വഴി ടിക്കറ്റെടുത്തു വരുന്നവർക്കു കാത്തുനിൽക്കാതെ നിശ്ചിത സമയക്രമത്തിൽ കുളിക്കാനാകുമെന്നാണ് അധികൃതർ പറയുന്നത്. ഒരുദിവസം ശരാശരി 800 സഞ്ചാരികളെമാത്രമാകും പ്രവേശിപ്പിക്കുക. ഇതു കിലോമീറ്ററുകൾതാണ്ടി നേരിട്ട് ടിക്കറ്റെടുക്കാൻ എത്തുന്നവർക്ക് വെള്ളച്ചാട്ടത്തിൽ കുളിക്കാതെതിരികെ പോകേണ്ടസാഹചര്യമുണ്ടാക്കുമെന്ന് പരാതി ഉയർത്തുന്നു.

അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാത്തതാണ് കൂടുതൽ സഞ്ചാരികളെ വെള്ളച്ചാട്ടത്തിലേക്ക് പ്രവേശിപ്പിക്കുന്നതിനു തടസമായി മാറിയതെന്നും നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു. ഇത് സഞ്ചാരികളെമാത്രം ആശ്രയിച്ചുള്ള കച്ചവടക്കാർക്കു തിരിച്ചടിയാകുമെന്നും ആശങ്കയുണ്ട്.

തമിഴ്നാട്ടിൽനിന്നുൾപ്പെടെ സീസണിൽ ആയിരക്കണക്കിന് സഞ്ചാരികൾ എത്തിച്ചേരുന്ന വെള്ളച്ചാട്ടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ യഥാസമയത്ത് പൂർത്തിയാക്കാത്തത് പരാതിക്കിടയാക്കുന്നുണ്ട്.

സീസണുമുൻപേ ജോലികൾ ആരംഭിക്കാനായില്ല. ഇത് വനംവകുപ്പിനെതിരേ കടുത്ത വിമർശനമാണുയർത്തുന്നത്. ജോലികൾ പൂർത്തിയാക്കാനാകാത്തത് അപകടസാധ്യത വർധിപ്പിക്കുന്നുണ്ട്.

ഉയർന്ന അളവിൽ വെള്ളം ഒഴുകിയെത്തുന്നത് അറിയാനുള്ള മാർഗമില്ലാത്തത് അപകടസാധ്യത വർധിപ്പിക്കുന്നു. സഞ്ചാരികൾ ഇവിടെ ഒഴുക്കിൽപ്പെട്ട് മരണപ്പെട്ടിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ ലക്ഷങ്ങൾമുടക്കി മുൻപ് സ്ഥാപിച്ചപദ്ധതികളും പ്രയോജനംകണ്ടില്ല.

അപകടഭീഷണി ഒഴിവാക്കി സീസൺ കൃത്യസമയത്ത് ആരംഭിക്കാത്തത് അച്ചൻകോവിലിലെ വിഎസ്എസ് അംഗങ്ങൾക്കും ജോലിസാധ്യത കുറയ്ക്കുകയാണ്.

# സെൻസസ് സെൽഫ് എന്യൂമറേഷൻ ഊർജിതമാക്കണം

**പത്തനംതിട്ട:** സെൻസസ് സെൽഫ് എന്യൂമറേഷൻ ഊർജിതമാക്കണമെന്ന് ജില്ലാ കളക്ടർ എ.നിസാമുദ്ദീൻ. ചേംബറിൽ ചേർന്ന സെൻസസ് പുരോഗതി അവലോകന യോഗത്തിലാണ് പ്രിൻസിപ്പൽ സെൻസസ് ഓഫീസർ കൂടിയായ ജില്ലാ കളക്ടറുടെ നിർദേശം. ജില്ലയിൽ 15,000 ൽ അധികം പേർ നിലവിൽ സെൻസസ് സ്വയം വിവരം നൽകി.

സഹജീവനക്കാർ സെൽഫ് എന്യൂമറേഷൻ ചെയ്തെന്ന് ജില്ലാ ഓഫീസർമാർ ഉറപ്പാക്കണമെന്ന് കളക്ടർ നിർദേശിച്ചു. കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് സെൽഫ് എന്യൂമറേഷൻ നടത്തുന്നതിന് സഹായം നൽകണം. ഇതിനായി സിഡിഎസ് ചെയർപേഴ്സൺമാരുടെ യോഗം ചേരാൻ തദ്ദേശ വകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടർ, കുടുംബശ്രീ ജില്ലാ കോ ഓർഡിനേറ്റർ എന്നിവർ നടപടി സ്വീകരിക്കണം.

അധ്യാപക രക്ഷാകർത്തൃ സമിതികളിൽ സെൽഫ് എന്യൂമറേഷൻ പ്രചാരണത്തിന് വിദ്യാഭ്യാസവകുപ്പ് ഉപഡയറക്ടർ മുൻകൈയെടുക്കണം. എൻഎസ്എസ്, എൻസിസി തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും കളക്ടർ പറഞ്ഞു.

തിരുവല്ല സബ് കളക്ടർ സുമിത് കുമാർ ഠാക്കൂർ, എഡിഎം ആർ.രാജലക്ഷ്മി, അടൂർ ആർഡിഒ ടി ബിനുരാജ്, അഡീഷണൽ സെസൻസ് ഓഫീസർമാർ, ചാർജ് ഓഫീസർമാർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## പകർച്ചവ്യാധി പ്രതിരോധം: കൊതുകുനിവാരണവും ശുദ്ധജല വിതരണവും ഉറപ്പാക്കും

**ആലപ്പുഴ:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ആരോഗ്യ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ കൊതുകു നിർമാർജന പ്രവർത്തനങ്ങൾ നടത്തും. ജില്ലയിൽ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ കളക്ടർ ഷാജി വി. നായരുടെ അധ്യക്ഷതയിൽ നടന്ന വിവിധ വകുപ്പുകളുടെ ഏകോപനയോഗത്തിലാണ് തീരുമാനം.

ജില്ലാ മൃഗസംരക്ഷണ വകുപ്പ് കൈമാറുന്ന ലിസ്റ്റനുസരിച്ച് ജില്ലയിലെ പന്നിവളർത്തൽ കേന്ദ്രങ്ങളുടെ സമീപ പ്രദേശങ്ങളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഊർജിത കൊതുകുനിവാരണം നടപ്പാക്കും.

വെള്ളിയാഴ്ചകളിൽ സ്കൂളുകൾ, ശനിയാഴ്ചകളിൽ സ്ഥാപനങ്ങൾ, ഞായറാഴ്ചകളിൽ വീടുകൾ കേന്ദ്രീകരിച്ച് ഊർജിത ഉറവിട മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

ആറാട്ടുപുഴ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത ഷിഗെല്ലോസിസ് രോഗം നിയന്ത്രണ വിധേയമായെങ്കിലും കുടിവെള്ളത്തിൻെറ ശുദ്ധത ഉറപ്പുവരുത്താനും പൊട്ടിയ പൈപ്പ് ലൈനുകളിലൂടെ മലിനജലം കുടിവെള്ളവുമായി കലരാതിരിക്കാനുമുള്ള നടപടികൾ ജല അതോറിറ്റി സ്വീകരിക്കണം. സ്കൂളുകളിലെ ജലസ്രോതസുകൾ കൃത്യമായ ഇടവേളകളിൽ ക്ലോറിനേറ്റ് ചെയ്യുന്നുണ്ടെന്ന് സ്കൂൾ അധികൃതർ ഉറപ്പുവരുത്തണം.

എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഗുളികകൾ ആരോഗ്യപ്രവർത്തകർ മുഖാന്തരം ലഭ്യമാക്കിയിട്ടും ജില്ലയിൽ എലിപ്പനി കേസുകൾ റിപ്പോർട്ടു ചെയ്യുന്ന പശ്ചാത്തലത്തിൽ, മലിനജലവുമായി സമ്പർക്കത്തിൽവരുന്ന ജോലികളിൽ ഏർപ്പെടുന്നവർക്ക് ബൂട്ട്, കൈയുറ മുതലായ വ്യക്തിസുരക്ഷാ ഉപാധികൾ ലഭ്യമാക്കാനും ഹൈ റിസ്ക് വിഭാഗത്തിൽപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികളും ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്ന ഡോക്സിസൈക്ലിൻ ഗുളിക കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ബന്ധപ്പെട്ട വകുപ്പുമേധാവികളെ യോഗം ചുമതലപ്പെടുത്തി.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. പി.വി. വിദ്യ, നഗരസഭാ സെക്രട്ടറിമാർ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി പ്രതിനിധികൾ, വിവിധ വകുപ്പുമേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



## പുത്തൂരിൽ ഊട്ടുതിരുനാളിന് കൊടിയേറി

**പുത്തൂർ:** സെൻറ് തോമസ് ഫൊറോന ദേവാലയത്തിലെ വിശുദ്ധ തോമാശ്ലീഹായുടെയും വിശുദ്ധ അന്തോണീസിൻറയും സംയുക്ത ഊട്ടുതിരുനാളിന് കൊടിയേറി. വികാരി ഫാ.ജോജുപനയ്ക്കൽ കൊടിയേറ്റം നിർവഹിച്ചു. അസി.വികാരി ഫാ. മൈക്കിൾ തോട്ട് വായ്ക്കുളം, ജനറൽ കൺവീനർ ഷോയി മാളിയേക്കൽ, കൈക്കാരൻമാരായ സണ്ണി ജോസ് മാളിയേക്കൽ, വർഗീസ് കൊഴുക്കുള്ളിക്കാരൻ, സ്റ്റാൻലി കാട്ടുമാത്ത്, വിജീഷ് അറങ്ങാശേരി എന്നിവർ സന്നിഹിതരായിരുന്നു.

ഊട്ടുതിരുനാൾ ഞായറാഴ്ച ആഘോഷിക്കും. രാവിലെ 9.30ന് നടക്കുന്ന ആഘോഷമായ ദിവ്യബലിക്ക് ഫാ. നിർമൽ അക്കരപട്ട്യേക്കൽ മുഖ്യ കാർമികത്വം വഹിക്കും. ഫാ. പോൾ മാളിയമ്മാവ് സന്ദേശം നൽകും.

ജൂലൈ മൂന്നിന് ദുക്റാന തിരുനാൾ ആഘോഷിക്കും. രാവിലെ 10.30ന് നടക്കുന്ന ആഘോഷമായ ദിവ്യബലിക്ക് ഫാ. സെബി വെളിയൻ മുഖ്യകാർമികത്വം വഹിക്കും. ഫാ.തോമസ് പുപ്പാടി തിരുനാൾ സന്ദേശം നൽകും.



# കുതിച്ചുയർന്ന് കോഴിമുട്ട വില

**മാനന്തവാടി:** കോഴിമുട്ട വില വർധിച്ചു. കേരളത്തിലേക്ക് പ്രധാനമായും മുട്ടയെത്തുന്ന തമിഴ്നാട്ടിലെ നാമക്കലിൽ മുട്ടയുടെ മൊത്തവില 6.45 രൂപയാണ്. ഇതേത്തുടർന്നാണ് ചില്ലറ വിപണികളിൽ ഒരു മുട്ടയുടെ വില എട്ട് രൂപ വരെയായി വർധിച്ചിരിക്കുന്നത്. കർണാടകയിലെ മൈസൂരു, തമിഴ്നാട്ടിലെ നാമക്കൽ എന്നിവിടങ്ങളിൽ നിന്നാണ് ജില്ലയിലേക്ക് മുട്ട എത്തുന്നത്. നാമക്കലിൽ ദിവസേന അഞ്ചരക്കോടി മുട്ട ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ മൂന്നര കോടിയും കേരളത്തിലേക്കാണ് എത്തുന്നത്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിലേക്ക് പ്രതിദിനം 75 ലക്ഷം മുട്ടയാണ് ആവശ്യം. ഒരു മാസം മുമ്പ് മുട്ടയുടെ വില ആറ് രൂപയായിരുന്നുവെങ്കിൽ പടിപടിയായി വർധിച്ചാണ് എട്ട് രൂപയിൽ എത്തി നിൽക്കുന്നത്. മത്സ്യത്തിൻെറ വിലവർധനയെത്തുടർന്ന് മുട്ടയ്ക്ക് ആവശ്യക്കാർ വർധിച്ചത് വില വർധനയ്ക്ക് കാരണമായി പറയപ്പെടുന്നുണ്ട്.

ഇതൊടൊപ്പം ഏപ്രിൽ, മെയ് മാസങ്ങളിലെ കടുത്ത വേനൽ കാരണം മുട്ടയുടെ ലഭ്യത കുറവും കോഴി വളർത്തലിലെ ഉത്പാദന ചെലവും വിലവർധനയെ ബാധിച്ചതായി മൊത്ത വിതരണ കച്ചവടക്കാർപറഞ്ഞു.

അസംസ്കൃത വസ്തുക്കളുടെ വില കൂടിയതോടെ കോഴിത്തീറ്റയുടെ വിലയും കൂടി. 50 കിലോയുടെ ഒരു ചാക്കിന് 2,300 രൂപ വരെയാണ് വില. ഇന്ധന വിലയിലുണ്ടായ വർധന മുട്ട വിതരണത്തിനുള്ള ഗതാഗത ചെലവും കൂട്ടി.

മുട്ട വിഭവങ്ങൾ ഉണ്ടാക്കുന്ന ബേക്കറികൾക്കും തട്ടുകടകൾക്കും വില കയറ്റം കനത്ത തിരിച്ചടിയാണ്. വീടുകളിൽ ഉത്പാദിപ്പിച്ച് വിപണികളിൽ വിൽപ്പന നടത്തുന്ന നാടൻ കോഴി മുട്ടയുടെ വില ഇപ്പോൾ 10 രൂപയിൽ എത്തി നിൽക്കുകയാണ്.

# കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് സമാപനം



**കൊട്ടിയൂർ:** വൈശാഖ മഹോത്സവത്തിന് തൃക്കലശാട്ടോടെ സമാപനം. താത്കാലികമായി മുളന്തണ്ടുകളും ഞെട്ടിപ്പനയോലകളും ഉപയോഗിച്ച് കെട്ടി ഉണ്ടാക്കിയ ശ്രീകോവിൽ രാവിലെ പിഴുതെടുത്ത് പടിഞ്ഞാറേ നടയ്ക്ക് കുറുകെയിട്ടു.

കലശാട്ടത്തോടനുബന്ധിച്ച് അനുബന്ധിച്ചുള്ള പരികലശങ്ങൾ നന്ത്യാർവള്ളി നടത്തി. തുടർന്ന് ഇരു തന്ത്രിമാരും മണിത്തറയിൽ കയറാൻ അർഹതയുള്ള നമ്പൂതിരിമാരും ചേർന്ന് വേദമന്ത്രോച്ചാരണ സഹിതം ഭഗവൽ വിഗ്രഹത്തെ അഭിഷേകം ചെയ്തു. ഇതുപോലെ രണ്ടാമത്തെ തൃക്കലശവും വേദ സൂക്തങ്ങളോടെ അഭിഷേകം ചെയ്തു.

അഭിഷേകം ചെയ്തു കഴിഞ്ഞതോടെ കോഴിക്കോട് സാമൂതിരിരാജയുടെ പ്രതിനിധിക്ക് ആദ്യ പ്രസാദം നൽകി. കലശ പ്രസാദം അവകാശമുള്ള ബ്രാഹ്മണർക്കും, നാല് ഊരാളന്മാർക്കും, ട്രസ്റ്റിമാർക്കും, ഭക്തർക്കും നൽകി. തുടർന്ന് പൂർണ പുഷ്പാഞ്ജലി ആരംഭിച്ചു. നാളം തുളസി ദളം കൊണ്ട് നിറഞ്ഞു. തുടർന്ന് തിടപ്പളിയിലും, മുഖമണ്ഡപത്തിലും, ഭണ്ഡാര അറയിലും ഇരുന്ന സുവർണ രജത കുംഭങ്ങളെല്ലാം കൂത്തമ്പലത്തിലേക്ക് മാറ്റി.

കണക്കപിള്ളയുടെയും, സമുദായത്തിൻറെയും സാന്നിധ്യത്തിൽ എണ്ണി ഒത്ത് നോക്കി, ചെപ്പിൽ സൂക്ഷിക്കേണ്ട ആഭരണങ്ങൾ ചെപ്പിലും, മറ്റുള്ളവ കാവാക്കി കെട്ടിവച്ചു. കുടിപതികൾ തിടപ്പള്ളിയിൽ ഇരുന്ന് ഭക്ഷണം കഴിച്ചു. തിടപ്പള്ളി ശുദ്ധീകരിച്ച് മുതിരേരിക്കാവിലെ ശാന്തിക്കാരനും വാൾ എഴുന്നെള്ളിപ്പുക്കാരനുമായ സുരേഷ് നമ്പൂതിരി നമസ്കാര തണ്ടിൽ ധ്യാനനിരതനായി.

ശാന്തിക്കാരൻ മുതിരേരി വാൾ ഭണ്ഡാര അറയിൽ നിന്ന് എടുത്ത് നാളത്തിലെ സ്വയംഭുവിലേക്ക് ചേർത്തു വച്ചു. തിരുവഞ്ചിറയിൽ കുളികഴിഞ്ഞ് മണിത്തറയിൽ നിന്ന് ഒരുപിടി തുളസിക്കതിരുകളോടെ വാളെടുത്ത് കിഴക്കേനട വഴി ക്ഷേത്രത്തെ വലംവച്ച് പടിഞ്ഞാറെ നടവഴി ഹുങ്കാരത്തോടെ അക്കര ക്ഷേത്രത്തിൽ നിന്നും വിടവാങ്ങി.



# ലെനോവയുടെ ഫിഫ എഡിഷൻ ലാപ്ടോപ്പുകൾ ഇന്ത്യയിൽ അവതരിപ്പിച്ച് ഓക്സിജൻ

**കൊച്ചി:** ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിന്റെ നേതൃത്വത്തിൽ ലെനോവോയുടെ യോഗ സ്ലിം 7ഐ ഓറ ഫിഫ എഡീഷൻ, ഐഡിയപാഡ് സ്ലിം 3ഐ ലാപ്ടോപ്പുകളുടെ രാജ്യത്തെ ആദ്യ ലോഞ്ച് നടത്തി. കൊച്ചി ക്രൗൺ പ്ലാസയിൽ നടന്ന ചടങ്ങിൽ ഒളിമ്പ്യൻ അഞ്ജു ബോബി ജോർജ് ലാപ്ടോപ്പുകൾ ലോഞ്ച് ചെയ്തു.

ലെനോവോ ഇന്ത്യ നാഷണൽ ഡിസ്ട്രിബ്യൂഷൻ ഹെഡ് ഷാനിൽ മാടോലത്തിൽ, ഓക്സിജൻ പർച്ചേസ് ആൻഡ് ഓപ്പറേഷൻ വൈസ് പ്രസിഡന്റ് പ്രവീൺ പ്രകാശ്, ഓക്സിജൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ജിബിൻ കെ. തോമസ്, ലെനോവ ആർഎസ്എംഎസ്. ശ്രീകുമാർ, ലെനോവോ ആർസിഎം എൻ.എസ്. ഷൈജു, ലെനോവോ നാഷണൽ മാനേജർ മൾട്ടിബ്രാൻഡ് റീട്ടെയിൽ ബാലകൃഷ്ണൻ ചന്ദ്രശേഖരൻ, ഓക്സിജൻ ഐടി ഡിവിഷൻ ഹെഡ് പി.ആർ. ശ്രീജിത്ത്, ഓക്സിജൻ മാർക്കറ്റിംഗ് ഹെഡ് അമൽ ദേവ് തുടങ്ങിയവർ പങ്കെടുത്തു. ലെനോവോയുടെ ബ്രാൻഡ് റിലേഷൻ വീഡിയോ ചടങ്ങിൽ അവതരിപ്പിച്ചു.

തുടർന്ന് ലെനോവോയുടെ യോഗ സ്ലിം 7ഐ ഓറ ഫിഫ എഡീഷൻ, ഐഡിയപാഡ് സ്ലിം 3ഐ ലാപ്ടോപ്പുകളുടെ പ്രത്യേകതകൾ, എഐ അധിഷ്ഠിത സാങ്കേതികവിദ്യകൾ തുടങ്ങിയവയെക്കുറിച്ച് ലെനോവ ഇന്ത്യ നാഷണൽ ഡിസ്ട്രിബ്യൂഷൻ ഹെഡ് ഷാനിൽ മാടോലത്തിൽ, ലെനോവോ നാഷണൽ മാനേജർ മൾട്ടിബ്രാൻഡ് റീട്ടെയിൽ ബാലകൃഷ്ണൻ ചന്ദ്രശേഖരൻ എന്നിവർ വിശദീകരിച്ചു.

മികച്ച ഒഎൽഇഡി ഡിസ്പ്ലേ, എഐ പ്രോസസർ, സമയദൈർഘ്യമേറിയ ബാറ്ററി, പ്രീമിയം ഡിസൈൻ എന്നിവയാണ് ലെനോവ യോഗ സ്ലിം 7 ഐ ഓറ ഫിഫ എഡീഷന്റെ പ്രത്യേകത. വിദ്യാർഥികൾക്കും പ്രഫഷണലുകൾക്കും അനുയോജ്യമായ തരത്തിലാണ് ലെനോവോ ഐഡിയപാഡ് സ്ലിം 3ഐ ലാപ്ടോപ്പ് കമ്പനി പുറത്തിറക്കിയത്. ലാപ്ടോപ്പുകളുടെ വില്പന ഓക്സിജൻ ഷോറൂമുകളിൽ ആരംഭിച്ചു.

# സാന്റാ മോണിക്കയിൽ ത്രിദിന ട്രാവൽ എക്സ്പോ 26, 27, 28 തീയതികളിൽ

**കൊച്ചി:** മലയാളിയുടെ സഞ്ചാര സ്വപ്നങ്ങൾക്ക് ചിറകേകി ട്രാവൽ ബജറ്റ് ഓഫറുകളുമായി സാന്റാ മോണിക്ക ടൂർസ് ആൻഡ് ട്രാവൽസ് സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ പാക്ക് ൻ ഫ്ലൈ ട്രാവൽ എക്സ്പോ നാളെ മുതൽ കേരളത്തിലെ എല്ലാ ബ്രാഞ്ച് ഓഫീസുകളിലും നടക്കും.

26, 27, 28 തീയതികളിലായി രാവിലെ 10 മുതൽ വൈകുന്നേരം ഏഴു വരെയാണു ട്രാവൽ എക്സ്പോ നടക്കുക. വൈവിധ്യപൂർണമായ ആഭ്യന്തരരാജ്യാന്തര യാത്രാ പാക്കേജുകൾ ആകർഷകമായ ഓഫറുകളോടെ ബുക്ക് ചെയ്യാൻ എക്സ്പോയിൽ അവസരമുണ്ടാകും.

ഗാരന്റി പ്രൈസ് ലോക്ക്, ഗ്രൂപ്പ് വാല്യൂ ഡീൽ, സോളോ വുമൺ ട്രാവലർ ഓഫർ, ബാഗ് ഫോർ എ ടൂർ, സൗജന്യ കപ്പിൾ ഫോട്ടോ ഷൂട്ട്, ഫൈവ് കോണ്ടിനെൻറ്സ് അച്ചീവർ ഓഫർ, ഡൊമസ്റ്റിക് ടൂർ സ്റ്റേ ഓഫർ, സൗജന്യ ഫോറെക്സ് കാർഡ്, കാഷ് ഡിസ്കൗണ്ടുകളും ലഭ്യമാകും. കൂടാതെ എക്സ്പോ ദിവസങ്ങളിൽ സാന്റാ മോണിക്കയുടെ ബ്രാഞ്ചിൽ വന്നു ടൂർ ബുക്ക് ചെയ്യുന്നവർക്ക് മിസ്റ്ററി ബോക്സിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടാനും അവസരം ഉണ്ടാകും.




സഞ്ചാരികളുടെ സ്വപ്നഭൂമികളായ റഷ്യ മുർമാൻസ്ക്, സ്കാൻഡിനേവിയലാപ് ലാൻഡ്, മഡഗാസ്കർ മൗറീഷ്യസ്, ഹിഡൻ ജെംസ് ഓഫ് അമേരിക്ക, സൗത്ത് അമേരിക്ക, സ്പെയിൻപോർച്ചുഗൽ ജിബ്രാൾട്ടർ മൊറോക്കോ, അലാസ്ക, സൗത്ത് ആഫ്രിക്ക, സ്കാൻഡിനേവിയബാൾട്ടിക്, ബാൽക്കൻസ്, ഗ്രീസ്സാൻറോറിനി ടൂർ പാക്കേജുകൾ പാക്ക് ൻ ഫ്ലൈയിയിലൂടെ ബുക്ക് ചെയ്യാം.

ഓണക്കാലം ആഘോഷമാക്കാൻ യൂറോപ്പ്, വിയറ്റ്നാം കംബോഡിയ,സിംഗപ്പൂർ മലേഷ്യ, തായ്ലൻഡ്, ചൈന, ഹോങ്കോങ്,മക്കാവൂ ,ബാലി, ഭൂട്ടാൻ, ശ്രീലങ്ക അടങ്ങുന്ന രാജ്യാന്തര പാക്കേജുകളും മധുരൈ,രാമേശ്വരം,കന്യാകുമാരി,ജടായു, ഹൈദരാബാദ്, ഗവി,കമ്പം,തേക്കടി, കശ്മീർലേ, ലഡാക്ക്, ഗോൾഡൻ ട്രയാംഗിൾ, കാശി,ബോധി ഉൾക്കൊള്ളുന്ന ആഭ്യന്തര പാക്കേജുകളും നിലവിലുണ്ട്.

കൊച്ചിയിൽ നിന്ന് മാലിദ്വീപ്,ശ്രീലങ്ക, ലക്ഷദ്വീപ്, മുംബൈ ഉൾപ്പെടുന്ന ആഡംബര ഉല്ലാസ കപ്പൽ യാത്രകളും ക്രമീകരിച്ചിട്ടുണ്ട്. കൊച്ചി, കണ്ണൂർ, കോഴിക്കോട്, തൃശൂർ,പാലക്കാട്, കോട്ടയം,പാലാ, തിരുവല്ല, കൊല്ലം, തിരുവനന്തപുരം ബ്രാഞ്ച് ഓഫീസുകളിലാണ് പാക്ക് ൻ ഫ്ളൈ ട്രാവൽ എക്സ്പോ നടത്തുന്നത്. പ്രവേശനം സൗജന്യമാണ്. ഫോൺ: 04842846999, 8304 000 999.

# എഐ യുഗത്തിൽ സൃഷ്ടാക്കളുടെ അവകാശ സംരക്ഷണത്തിന് ഐപിആർഎസ് പിന്തുണ

**മുംബൈ:** മനുഷ്യന്റെ സർഗാത്മകതയും സൃഷ്ടാക്കളുടെ അവകാശങ്ങളും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ആഗോള പ്രഖ്യാപനമായ പാരിസ് കമ്മിറ്റ്മെന്റ്ന് ഇന്ത്യൻ പെർഫോമിംഗ് റൈറ്റ് സൊസൈറ്റി (ഐപിആർഎസ്) പിന്തുണ പ്രഖ്യാപിച്ചു. പാരിസിൽ നടന്ന ഇന്റർനാഷണൽ കോൺഫെഡറേഷൻ ഓഫ് സൊസൈറ്റീസ് ഓഫ് ഓതേഴ്സ് ആൻഡ് കമ്പോസേഴ്സ് (സിഐഎസ്എസി)ന്റെ ശതാബ്ദി ജനറൽ അസംബ്ലിയിലാണ് പ്രഖ്യാപനം അംഗീകരിച്ചത്. എഐ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കിടയിലും മനുഷ്യന്റെ സൃഷ്ടിപരമായ സംഭാവനകൾക്ക് യഥോചിത അംഗീകാരവും പ്രതിഫലവും ഉറപ്പാക്കണമെന്നാണ് പ്രഖ്യാപനത്തിന്റെ പ്രധാന ആവശ്യം.

ഐപിആർഎസ് ചെയർമാൻ ജാവേദ് അക്തർ, സിഇഒ രാകേഷ് നിഗം എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യ സമ്മേളനത്തിൽ പങ്കെടുത്തു. എഐ സംവിധാനങ്ങൾ പകർപ്പവകാശമുള്ള കൃതികൾ ഉപയോഗിക്കുമ്പോൾ സുതാര്യത, സൃഷ്ടാക്കളുടെ സമ്മതം, ന്യായമായ പ്രതിഫലം എന്നിവ ഉറപ്പാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ലോകമെമ്പാടുമുള്ള അഞ്ച് ദശലക്ഷത്തിലധികം സൃഷ്ടാക്കളെ പ്രതിനിധീകരിക്കുന്ന സിഐഎസ്എസി ശൃംഖലയുടെ ഭാഗമായി, സാങ്കേതിക പുരോഗതിയും മനുഷ്യ സർഗാത്മകതയും ഒരുമിച്ച് മുന്നേറുന്ന ഭാവിക്കായുള്ള ശ്രമങ്ങൾക്ക് ഐപിആർഎസ് പിന്തുണ അറിയിച്ചു.

# നോയൽ ടാറ്റ വിരമിക്കൽ പ്രഖ്യാപിച്ചു



**മുംബൈ:** ടാറ്റ ഗ്രൂപ്പിന്റെ പ്രമുഖ റീട്ടെയ്ൽ കമ്പനിയായ ട്രെൻറ് ലിമിറ്റഡിന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് വിരമിക്കുകയാണെന്ന് നോയൽ ടാറ്റ (69) പ്രഖ്യാപിച്ചു.

ടാറ്റ ഗ്രൂപ്പിന്റെ കോർപറേറ്റ് നയങ്ങൾ അനുസരിച്ച്, എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ വിരമിക്കൽ പ്രായം 65 വയസും, നോൺഎക്സിക്യൂട്ടീവ് ഡയറക്ടർമാരുടേത് 70 വയസുമാണ്.

ട്രെൻറ് ലിമിറ്റഡിനെ ഒരു സാധാരണ റീട്ടെയ്ൽ സ്ഥാപനത്തിൽനിന്നും ടാറ്റ ഗ്രൂപ്പിന്റെ ഏറ്റവും മൂല്യമുള്ള ഉപഭോക്തൃ ബിസിനസുകളിൽ ഒന്നായി വളർത്തിയെടുത്ത ഒരു അധ്യായത്തിനാണ് നോയലിന്റെ പടിയിറക്കത്തോടെ വിരാമമാകുന്നത്. അദ്ദേഹത്തിന്റെ ചെയർമാൻ സ്ഥാനത്തിനു കീഴിൽ 2014 സാമ്പത്തികവർഷത്തിൽ 2333 കോടി രൂപ വാർഷിക വരുമാനത്തിൽനിന്ന് 2026 സാമ്പത്തികവർഷത്തിൽ 19,701 കോടി രൂപയായി വർധിച്ചു. ഇക്കാലയളവിൽ നഷ്ടത്തിൽ നിന്നിരുന്ന കമ്പനിയുടെ ലാഭം ഇന്ത്യൻ റീട്ടെയ്ൽ മേഖലയിലെ തന്നെ ഏറ്റവും മികച്ച വരുമാന നിരക്കുകളിലൊന്നിലേക്ക് ഉയരുകയും ചെയ്തു.

ട്രെന്റിന്റെ ഈ വളർച്ചയുടെ കഥ തുടങ്ങുന്നത്, ലാക്മെ ബ്രാൻഡ് വിറ്റഴിച്ചുകൊണ്ട് ടാറ്റ ഗ്രൂപ്പ് സൗന്ദര്യവർധക ബിസിനസ് അവസാനിപ്പിച്ചതിന് ശേഷം നോയൽ ടാറ്റയുടെ മാതാവ് സിമോൺ ടാറ്റ 1998ൽ അവർ തുണിത്തരങ്ങളുടെ വിപണി മേഖലയിലേക്ക് കടക്കാൻ തീരുമാനിക്കുകയായിരുന്നു. ആ വർഷം നോയൽ ടാറ്റ ഡയറക്ടറായി ബോർഡിൽ ചേർന്നു. 1999 ജൂണിൽ അദ്ദേഹം കമ്പനിയുടെ ആദ്യ മാനേജിംഗ് ഡയറക്ടറായി. 2014 ഏപ്രിലിലാണ് കമ്പനിയുടെ ചെയർമാനാകുന്നത്.

# എംഎസ്എംഇ വായ്പകൾ; ഇംപാക്ട് ലെൻഡിംഗ് സമ്മേളനം സമാപിച്ചു

**കൊച്ചി:** കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ വിവിധ സംരംഭകർ നേരിടുന്ന വായ്പാലഭ്യത പ്രതിസന്ധിയും ധനസഹായത്തിലെ ആവശ്യ വിതരണ വിടവും ചർച്ച ചെയ്ത് ഇംപാക്ട് ലെൻഡിംഗ് 2026 കൊച്ചി ചാപ്റ്റർ സമ്മേളനം സമാപിച്ചു.

ഫിൻടെക് സ്റ്റാർട്ടപ്പ് നെക്സോ, സതേൺ ഇന്ത്യ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (സിക്കി) കേരളയുമായി ചേർന്നു ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ബാങ്കുകൾ, എൻബിഎഫ്സികൾ, വിവിധ മേഖലകളിലെ സംരംഭകർ എന്നിവർ പങ്കെടുത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com